19622
28/10/19

കേരള സർക്കാർ

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – രാമന്തളി വാഹനാപകടം - ചികിത്സാ ഇനത്തിൽ ചെലവായ തുക, മാനേജിംഗ് ഡയറക്ടർ, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പരിയാരത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

സ. ഉ. (ആർ.റ്റി) നം. 3017/2019/റവ. തിരുവനന്തപുരം, തീയതി: 25.10.2019

---

പരാമർശം: 1. 18.01.2017 ലെ സ.ഉ. (ആർ.റ്റി) നം. 171/2017/റവ.
2. മാനേജിംഗ് ഡയറക്ടർ, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പരിയാരത്തിന്റെ 02.09.2017 ലെ എ.എം (ഐ.എ)/9356/2014/KCHC നമ്പർ കത്ത്.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 31.07.2019 ലെ DCKNR/29875/16-M2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ രാമന്തളി വില്ലേജ്, കുന്നരുവിൽ 14.09.2016 നുണ്ടായ വാഹനാപകടത്തിൽ അഞ്ച്പേർ മരണപ്പെടുകയും നാലുപേർക്ക് പരിക്കേൽക്കുകയുമുണ്ടായി മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കുമായി പരാമർശം (1) പ്രകാരം 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ഈ അപകടത്തിൽ പരിക്കേറ്റവർക്ക് ചികിത്സ നൽകിയ ഇനത്തിൽ 77,014/-രൂപ (എഴുപത്തി ഏഴായിരത്തി പതിനാല് രൂപ മാത്രം) പരിയാരം കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിന് ചിലവ് വന്നിട്ടുള്ളതായി പരാമർശം (2) പ്രകാരം മാനേജിംഗ് ഡയറക്ടർ, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ അറിയിച്ചിട്ടുള്ളതും, ടി തുക അനുവദിക്കുന്നതിലേയ്ക്കായി പരാമർശം (3) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ, രാമന്തളി കുന്നരുവിലുണ്ടായ അപകടത്തിൽപെട്ടവർക്ക് ചികിത്സാ സഹായം നൽകിയ ഇനത്തിൽ പരിയാരം കോ-ഒപ്പറേറ്റീവ് ഹോസ്പിറ്റലിന് ചിലവായ **77,014/-രൂപ (എഴുപത്തി ഏഴായിരത്തി പതിനാല് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **77,014/-രൂപ (എഴുപത്തി ഏഴായിരത്തി പതിനാല് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
മാനേജിംഗ് ഡയറക്ടർ, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പരിയാരം, കണ്ണൂർ
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ